# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1845 15.07.2016-ലെ മറുപടിയ്ക്ക്

## നഴ്സിംഗ് വിദ്യാർത്ഥിനിയെ ക്രൂരമായി റാഗ് ചെയ്ത സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. കെ ബഷീർ | ശ്രീ.എ,കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ<br>പിന്നോക്കസമുദായ ക്ഷേമവും<br>നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) കർണ്ണാടകയിലെ ഗുൽബർഗ്ഗയിലുള്ള നഴ്സിംഗ് കോളേജിൽ വിദ്യാർത്ഥിനി ക്രൂരമായി റാഗിംഗിന് ഇരയായതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത് സംബന്ധമായി ആരെയൊക്കെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; ദളിത് വിഭാഗത്തിൽ പ്പെട്ട പെൺകുട്ടിയുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന് വിശദ മാക്കാമോ ; | (എ) കർണ്ണാടകയിലെ ഗുൽബർഗ്ഗ ജില്ലയിലെ അൽ ഖമാർ നഴ്സിംഗ് കോളേജിൽ മലയാളി നഴ്സിംഗ് വിദ്യാർത്ഥിനിയെ ഹോസ്റ്റൽ മുറിയിൽ വച്ച് അതിക്രൂരമായി റാഗിംഗിന് ഇരയാക്കുകയും തുടർന്ന് കർണ്ണാടകയിലുള്ള ആശുപത്രിയിൽ ചികിത്സിച്ചെങ്കിലും ചികിത്സ ഫലിക്കാ ത്തതിനാൽ ഗുരുതരാവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ആവുകയും ചെയ്തു.പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നം. 650/2016 u/s 341, 560(1),307 r/w 34 IPC & Sec.3(II) (V) (X) 2(1) of SC/ST PoA Act and Sec.4 of Kerala Prohibition of Ragging Act ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ പറഞ്ഞ പരാതിക്കാസ്പദമായ സംഭവം |

നടന്നിട്ടുള്ളത് കർണ്ണാടകയിലെ ഗുൽബർഗ്ഗ ജില്ലയിലെ റോസാ പോലീസ് സ്റ്റേഷൻ പരിധിയിലായ തിനാൽ പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഗുൽബർഗ്ഗ പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുത്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് കൊല്ലം കരുനാഗപ്പള്ളി സ്വദേശിനി ലക്ഷ്മി, ഇടുക്കി കണിയാർ സ്വദേശിനി ആതിര, കോട്ടയം തിരുവഞ്ചൂർ സ്വദേശിനി കൃഷ്ണപ്രിയ എന്നിവരെ അറസ്റ്റ് ചെയ്തതായി ബന്ധപ്പെട്ട പോലീസ് അധികാരികൾ അറിയിച്ചിട്ടുണ്ട്. ബഹു. പട്ടികവിഭാഗ-പിന്നോക്ക ക്ഷേമ നിയമ സാംസ്കാരിക വകുപ്പ് മന്ത്രി കുട്ടിയെ ആശുപത്രിയിൽ സന്ദർശിക്കുകയും, ആവശ്യമെങ്കിൽ കുട്ടിയുടെ തുടർ പഠനം കേരളത്തിൽ നടത്തുന്നതിനുള്ള സഹായവും നൽകുവാൻ തീരുമാനി ച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ധനസഹായമായി 2,00,000/- രൂപ നേരിട്ട് നൽകുകയും ചെയ്തു.

[signature]

**സെക്ഷൻ ഓഫീസർ**